**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6118** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഖനിജ അധിഷ്ഠിത വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ ഖനിജ അധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വാളയാർ സിമെന്റ് ഫാക്ടറി അവിടത്തെ ലൈംസ്റ്റോൺ ഖനിജത്തെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിച്ചു വരുന്നത്. ടി സ്ഥലത്തെ ലൈംസ്റ്റോൺ സിമെന്റ് ഗ്രേഡിനേക്കാൾ വളരെ ഉയർന്ന ഗ്രേഡിലുള്ളതായതിനാൽ മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായങ്ങളുടെ സാദ്ധ്യതയും, കൊല്ലം ജില്ലയിൽ കാണപ്പെടുന്ന beach sand minerals ൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വടക്കൻ കേരളത്തിലെ ബോക്സൈറ്റ്, സിമെന്റ് വ്യവസായത്തിന് ഉപയോഗിക്കുന്നതിനും സിലിക്കാ മണലിന്റെയും ചൈനാക്ലേ യുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വ്യവസായ വളർച്ചയും വികാസവും ലക്ഷ്യമാക്കി വിശദമായ ധാതു പര്യവേഷണങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മൈനിങ് ആൻഡ് ജിയോളജി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ധാതു പര്യവേഷണ വിഭാഗത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ധാതുപര്യവേഷണ വിഭാഗം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തളിപ്പറമ്പ് താലൂക്കുകളിൽ അലുമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ്, ക്ലേ എന്നിവയുടെ ശേഖരം കണ്ടുപിടിക്കുന്നതിനുള്ള പര്യവേഷണം നടത്തിവരുന്നു. |
| (സി) | സംസ്ഥാനത്തെ ഖനിജ അധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും വികസനവും ലക്ഷ്യമാക്കി എല്ലാ ജില്ലകളിലേയും ധാതു ഖനന സാധ്യതകൾ പരിശോധിക്കുവാനും ഖനന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് ധാതുഖനന സാധ്യതകൾ പരിശോധിക്കുവാനും ഖനനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. ഖനിജ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്ന ലൈംസ്റ്റോൺ, beach sand minerals, bauxite, silica sand, china clay എന്നീ |

| | | | |
|---|---|---|---|
| | | | ധാതുക്കൾ ഇത്തരത്തിൽ നടത്തിയ പര്യവേഷണങ്ങളുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളതാണ്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പ് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടത്തി വരുന്ന ധാതുപര്യവേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള Bauxite/ Aluminous Laterite depositsന്റെ mineral blocks ഉം GSI യുടെ പര്യവേഷണത്തിൽ കണ്ടെത്തിയ bauxite ന്റെ രണ്ട് മിനറൽ blocks ഉം auction ചെയ്യുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റും (NMET) സംസ്ഥാനങ്ങളിലെ ധാതുപര്യവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നു. |
| (ഡി) | പാരിസ്ഥിതികാഘാതം ഏറ്റവും കുറയ്ക്കുംവിധം സംസ്ഥാനത്തെ മൈനിങ് പ്രവർത്തനങ്ങൾക്ക് നവീന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഖനന രീതികൾ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പാരിസ്ഥിതികാഘാതം ഏറ്റവും കുറയ്ക്കുംവിധം State Environment Impact Assessment Authority (SEIAA) യുടെ അനുമതി ലഭ്യമായതിനു ശേഷം മാത്രമാണ് സംസ്ഥാനത്ത് ഖനന പ്രവർത്തനങ്ങൾ നടത്തുന്നത്. ഖനന പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ക്വാറികളും ഖനികളും അളന്ന് തിട്ടപ്പെടുത്തുന്നതിന് Drone- LIDAR survey നടത്തുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ